# GUPS AMARAVATHY

3L'S+3R'S

3L'S+3R'S




3L'S+3R'S

3L'S+3R'S

3L'S+3R'S

3L'S+3R'S

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## അക്കാദമിക മേഖല

## ഭാഷാ പരിപോഷണം

### പൊതു ലക്ഷ്യങ്ങൾ

- മാതൃഭാഷയുടെ അടിസ്ഥാന തലങ്ങൾ ഉറപ്പിച്ച് ശുദ്ധമായി വായിക്കാനും അക്ഷര തെറ്റില്ലാതെ എഴുതാനും പ്രാപ്തരാക്കുക.
- 3L's+ 3R's എന്ന അക്കാദമിക പ്രോജക്ട് ഫലപ്രാപ്തിയിൽ എത്തിക്കുക. രൂപപ്പെടുത്തുക.
- സർഗ്ഗ വേളകൾ ഭാഷയുടെ സർഗാത്മക ഇടങ്ങൾ ആക്കി മാറ്റി സർഗ്ഗസൃഷ്ടികൾ

### പ്രവർത്തനങ്ങൾ

- 3L's + 3R's ഫലപ്രാപ്തിയിൽ എത്തിക്കുക എന്നതാണ് 2025-26 അധ്യയന വർഷം വിദ്യാലയം ലക്ഷ്യം വച്ചിട്ടുള്ള അക്കാദമിക നേട്ടം. 3L എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മൂന്ന് ഭാഷകളാണ് മാതൃഭാഷ( മലയാളം), ഔദ്യോഗിക ഭാഷ (ഇംഗ്ലീഷ്), രാഷ്ട്രഭാഷ ( ഹിന്ദി). 3R എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്

- **READING, WRITING, ARITHMETIC** എന്നതാണ്. ഭാഷയോടൊപ്പം ഈ മൂന്ന് പ്രക്രിയകളും കൂടിച്ചേരുമ്പോൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതലങ്ങൾ നാം നേടുന്നു എന്നാൽ ധാരണയോടു കൂടിയാണ് ഈ അക്കാദമിക പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. എൽ പി, യുപി തലങ്ങളിലും പൊതുല ക്ഷ്യം ഒന്നുതന്നെയാണ്. പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന വികാസത്തിൽ മാത്രമേ വ്യത്യാസമുണ്ടാകുന്നുള്ളൂ. ത്രിഭാഷകളും വായിക്കാനും എഴുതാനുമുള്ള അടിസ്ഥാനതല പ്രവർത്തനങ്ങൾ നടത്തുന്നു. അതിന് സഹായകമാകുന്ന പുസ്തകങ്ങൾ പ്രയോജനപ്പെടുത്തുന്നു. ഇതിനോട് അനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ എല്ലാം തന്നെ പാഠഭാഗങ്ങളോടൊപ്പം തന്നെ ഉൾ ചേർത്തുകൊണ്ടും, അധികസമയം കണ്ടെത്തിക്കൊണ്ടും നടത്തും. പ്രവർത്തനങ്ങൾ സമ്പന്നമാക്കാൻ ഭാഷാപ്രതിഭകളുടെ സേവനം പ്രയോജനപ്പെടുത്തുന്നു.
- ദിനാചരണ പ്രവർത്തനങ്ങളെ അക്കാദമിക ലക്ഷ്യങ്ങളുമായി ഉൾ ചേർത്തുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ വൈവിധ്യമാർന്ന വ്യവഹാര

രൂപങ്ങളിലേക്ക് മാറ്റുകയും കയ്യെഴുത്ത് പതിപ്പുകളോ ഡിജിറ്റൽ പതിപ്പുകളോ പ്രകാശനം ചെയ്യുന്നു.

- ഭാഷ ക്ലബ് ഓരോ മാസത്തിലും 'മുദ്ര' എന്ന പേരിൽ ഡിജിറ്റൽ പത്രം പുറത്തിറക്കുന്നു. മലയാളം,ഇംഗ്ലീഷ്,ഹിന്ദി എന്നീ ഭാഷകളിൽ ആയിരിക്കാം മാറിമാറി സ്കൂൾ പത്രം തയ്യാറാക്കപ്പെടുന്നത്.
- വിദ്യാരംഗംകലാസാഹിത്യ വേദി ഏറ്റെടുത്ത് നടത്തുന്ന സർഗാത്മകതയ്ക്ക് ഒരു പ്രകാശ മുദ്രയായി വിദ്യാലയം അവതരിപ്പിക്കുന്ന മാനവികമൂല്യങ്ങളെ മുഖ്യപ്രമേയം ആക്കുന്ന, മൂന്നു ഭാഷകൾക്കും പ്രാധാന്യം കൊടുക്കുന്ന ഷോർട്ട് ഫിലിം. ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുന്നതാണ്.
- ഇംഗ്ലീഷ് ഭാഷ അനായാസം സംസാരിക്കുന്നതിനായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ സജ്ജീകരിക്കുന്നു. കമ്മ്യൂണിക്കേറ്റ് ഇംഗ്ലീഷ് ക്ലാസുകളിലൂടെ കുട്ടികൾക്ക് അനായാസം സംസാരിക്കുവാനുള്ള ശേഷി ഉണ്ടാക്കിയെടുക്കുന്നു. സ്കൂൾ സന്ദർശകരായ ഫോറിനേഴ്സിന്റെയും മറ്റും സേവനവും ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നതാണ്.

- ഭാഷാ സമ്പത്തിനും പദസമ്പത്തിനും വേണ്ടി വായനയെ പരിപോഷി പിക്കുവാനായി സ്കൂൾ ലൈബ്രറി, ചുറ്റുപാടുമുള്ള ലൈബ്രറികൾ എന്നിവ പ്രയോജനപ്പെടുത്തുന്നു.
- ഗണിതത്തിൻ്റെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിനു ICT , ഗണിത കളികൾ എന്നിവ പ്രയോജനപ്പെടുത്തു ന്നു.
- യുക്തിചിന്ത, mind math എന്നിവ വളർത്തുന്നതിനായി ഗണിത ക്ലബ് പ്രവർത്തനങ്ങൾ ആഴ്ചയിലൊരിക്കൽ നടത്തുന്നു.
- കുട്ടികളുടെ ഉയരം, ഭാരം എന്നിവ കാണ്ടത്തി ആരോഗ്യകാര്യങ്ങളിൽ വേണ്ട നിർദേശങ്ങൾ നല്കുന്നു.

## തൊഴിലധിഷ്ഠിതവിദ്യാഭ്യാസലക്ഷ്യങ്ങളിലേക്ക് ശാസ്ത്രരംഗവും, ക്രാഫ്റ്റ് എഡ്യൂക്കേഷനും

### ലക്ഷ്യങ്ങൾ

- പ്രവർത്തനത്തിലൂടെ പഠനവും, പഠനത്തിലൂടെ സമ്പാദ്യവും, പഠനത്തിലൂടെ ജീവിതവും എന്നീ ലക്ഷ്യങ്ങൾ നേടുന്നു.

## പ്രവർത്തനങ്ങൾ

- ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിച്ച് ശാസ്ത്രത്തിന്റെയും നിത്യജീവിതത്തിലെ പ്രായോഗികതയും ഉപയോഗവും തിരിച്ചറിയിപ്പിക്കുക. ഉപയോഗപ്രദമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക. ( എൽഇഡി ബൾബ്, പേപ്പർസോപ്പ്,പേപ്പർപെൻ, ബയോഫെർട്ടിലൈസർ, ഫുഡ് പ്രോസസിംഗ് ഇവയിൽ സാധ്യമായവ ).

- പ്രവൃത്തിപരിചയ ശില്പശാല സംഘടിപ്പിച്ച് അഗർബത്തി നിർമ്മാണം, മെഴുകുതിരി നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം (ഇവയിൽ സാധ്യമാകുന്നത്). പ്രവർത്തനത്തിലൂടെ പഠനവും, പഠനത്തിലൂടെ സമ്പാദ്യവും, പഠനത്തിലൂടെ ജീവിതവും എന്നീ ലക്ഷ്യങ്ങൾ നേടുന്നു.

# കാർഷിക പാഠം ജീവിതപാഠം

## ലക്ഷ്യങ്ങൾ

- പ്രകൃതിയിൽ നിന്നുള്ള പഠനം അടിസ്ഥാനമാക്കി ശാസ്ത്ര വിഷയങ്ങളെ  നേര്നുഭവങ്ങളിലൂടെ മുന്നോട്ട കൊണ്ടുപോയി, പഠനയാത്രകളും മറ്റും സംഘടിപ്പിച്ച് നേരനുഭവങ്ങൾ സാധ്യമാക്കുക.
- പ്രകൃതി ഏറ്റവും വലിയ പാഠശാല ആണെന്ന് തിരിച്ചറിവ് ഉണ്ടാക്കൽ.
- കൃഷി വിദ്യാർത്ഥിയുടെ സംസ്കാരം ആകേണ്ടതുണ്ട്.

## പ്രവർത്തനങ്ങൾ

- കൃഷിയുടെ പ്രാധാന്യം നിറവേറുന്ന വിധത്തിൽ വിദ്യാലയത്തിലും വീട്ടിലും കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കൽ . **MY SAPLING GARDEN** വിദ്യാലയ പ്രവർത്തനമായി ഏറ്റെടുക്കുന്നു. കൃഷിപാഠങ്ങൾനൽകാൻ കർഷകർ,കൃഷി ഓഫീസർമാർ, മികച്ച കുട്ടി കർഷകർ എന്നിവരെ കൊണ്ടുവന്ന് കൃഷിപാഠങ്ങൾ നൽകാവുന്നതാണ്. ജൈവവളവും നിർമ്മിക്കാം.

- പ്രകൃതി നടത്തം, കാട് സന്ദർശിക്കൽ, വ്യത്യസ്ത ആവാസവ്യവസ്ഥ സന്ദർശിക്കൽ. അക്കാദമിയെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന ലയറിങ്, ഗ്രാഫ്റ്റിംഗ്, ബഡ്ഡിങ് എന്നിവ ചെയ്യൽ.

## ശുചിത്വം ആരോഗ്യം സന്തുഷ്ട ജീവിതം

### ലക്ഷ്യങ്ങൾ

- കുട്ടികളിൽ ശുചിത്വ ശീലങ്ങൾ ഉണ്ടാക്കൽ, ആരോഗ്യ ബോധം ഉണ്ടാക്കൽ.

### പ്രവർത്തനങ്ങൾ

- ശുചിത്വവും ആരോഗ്യവും ബോധവൽക്കരണ ക്ലാസുകൾ(Health Department) ശുചിത്വ ശീലങ്ങൾ പരിശീലനം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

### ലക്ഷ്യങ്ങൾ

- കുട്ടികളിൽ സാമൂഹിക മൂല്യങ്ങൾ ഉറപ്പിക്കുക.

### പ്രവർത്തനങ്ങൾ

- സമൂഹത്തിന്റെ മുഖ്യധാരയിൽ അല്ലാത്ത ആളുകളെ കണ്ടെത്തുകയും അവർക്ക് മാനസിക കൈത്താങ്ങ് ആവുകയും ചെയ്യുന്നു. പൊതിച്ചോറ് അവശ്യസാധനങ്ങൾ എത്തിക്കൽ മരുന്നുകൾ വസ്ത്രങ്ങൾ മുതലായവ. വിദ്യാലയവും സമൂഹവും എന്ന പ്രവർത്തനം കുട്ടികളിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ എത്തിക്കുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനായി പ്രത്യേക ക്ലാസുകളും സംഘടിപ്പിക്കുന്നു. മതാചാര്യന്മാർ, കൗൺസിലർസ് തുടങ്ങിയവർ.

## ടാലന്റ് ലാബ്

### ലക്ഷ്യങ്ങൾ

- കുട്ടികളിലെ സർഗാത്മക കഴിവുകൾ വളർത്തുന്നതിന്.

### പ്രവർത്തനങ്ങൾ

- കുട്ടികളിലെ അക്കാദമികേതര കഴിവുകൾ വളർത്തുകയും, സർഗാത്മകതയുടെ വേദികൾ ഒരുക്കുകയും ചെയ്യുന്നു. നൃത്തം, പാട്ട്, അഭിനയം, സാഹിത്യ രചനകൾ തുടങ്ങിയ സർഗാത്മക സൃഷ്ടികൾ ഒരുക്കുന്ന പരിശീലനശാലയായി ടാലന്റ് ലാബ് പ്രവർത്തിക്കുന്നു.

### സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

ചുമതല :- അതത് വിഷയാധ്യാപകർ, വിദ്യാരംഗം കലാ സാഹിത്യ വേദി, ശാസ്ത്രരംഗം, ഗണിത ക്ലബ്ബ്, കലാധ്യാപകർ, പിടിഎ.

ചിലവ് :- 1,30000 /-